**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1922

11.02.2020-ൽ മറുപടിക്ക്

## പി.എസ്.സി. റാങ്ക് പട്ടിക

| **ചോദ്യം**<br>ശ്രീ.പി.ടി.എ. റഹീം | | **ഉത്തരം**<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | പി.എസ്.സി. റാങ്ക് പട്ടിക തയ്യാറാക്കുമ്പോൾ യഥാർത്ഥ ഒഴിവുകളുടെ എണ്ണം കണക്കാക്കി അത്രയും പേരുടെ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചാൽ മതിയെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത നിലപാട് സ്വീകരിക്കാൻ ഇടയാക്കിയ സാഹചര്യം വിശദമാക്കാമോ; | (എ), (ബി) & (സി) | കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ചട്ടം 14 (e) പ്രകാരം പി.എസ്.സി റാങ്ക് ലിസ്റ്റിൽ ഓരോ സംവരണ സമുദായത്തിനും അനുവദിച്ചിട്ടുള്ള സംവരണ ക്വാട്ട ഉറപ്പാക്കുന്നതിനായി റാങ്ക് പട്ടികകളിൽ ഓരോ സംവരണ സമുദായത്തിനും അനുവദിച്ചിട്ടുള്ള സംവരണ ക്വാട്ടയുടെ അഞ്ചു മടങ്ങിൽ കുറയാത്ത ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തിയാണ് സപ്ലിമെന്ററി ലിസ്റ്റുകൾ തയ്യാറാക്കിവരുന്നത്. ആയത് പിന്നീട് റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടിനൽകാനുള്ള ആവശ്യങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും പുറമെ, ഉദ്യോഗാർത്ഥികളിൽ നിന്നുള്ള നിരന്തരമായ പരാതികൾക്കും നിവേദനങ്ങൾക്കും വഴിയൊരുക്കുന്നുമുണ്ട്. ഈ വിഷയവും അനുബന്ധ വിഷയങ്ങളും പഠിച്ച് റിപ്പോർട്ട് |
| (ബി) | പ്രസ്തുത വിഷയത്തെക്കുറിച്ച് പഠിക്കാൻ ഏതെങ്കിലും സമിതിയെ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | | |
| (സി) | ഒഴിവുകളുടെ എണ്ണം മാത്രം കണക്കാക്കി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയാൽ സംവരണ വിഭാഗത്തിൽപെട്ടവരെ ദോഷകരമായി ബാധിക്കുമെന്ന | | |

| | | | |
|---|---|---|---|
| | വിഷയം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് പരിഹാരമാണ് ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | | സർക്കാരിന് സമർപ്പിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ ജസ്റ്റിസ്. കെ. കെ. ദിനേശനെ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ